**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3053** **14-02-2024 - ൽ മറുപടിയ്ക്ക്**

**മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ മൈക്രോ ഇറിഗേഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് കർഷകർക്ക് ജലസേചനത്തിന് സ്പ്രിങ്ക്ലർ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള മൊത്തം ചെലവിൽ എത്ര രൂപയാണ് സബ്സിഡിയായി ലഭിക്കുന്നത്; വിശദമാക്കാമോ; | (എ) | കേന്ദ്രസർക്കാരിന്റെ മൈക്രോ ഇറിഗേഷൻ പദ്ധതിയായ പെർ ഡ്രോപ്പ് മോർ ക്രോപ്പ് പദ്ധതിയിൽ കർഷകർക്ക് ജലസേചനത്തിന് സ്പ്രിംഗ്ളർ സ്ഥാപിക്കുന്നത് ഉൾപ്പടെയുള്ള മൊത്തം ചെലവിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുകയുടെ 55% വരെ ചെറുകിട നാമമാത്ര കർഷകർക്കും 45% വരെ മറ്റുള്ളവർക്കും സബ്സിഡിയായി നൽകിവരുന്നു. |
| (ബി) | ടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കേന്ദ്രസർക്കാരിൽ നിന്നും പദ്ധതി വിഹിതം ലഭിച്ച ശേഷം സംസ്ഥാന വിഹിതവും കൂടി ചേർത്താണ് കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നത്. ടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ 500.00 ലക്ഷം രൂപ ലഭ്യമായിരുന്നു. 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ ഗഡു ആയി കേന്ദ്ര സർക്കാർ വിഹിതം 20.00 ലക്ഷം രൂപ 29.12.2023-ൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ സംസ്ഥാന വിഹിതമായ 13.34 ലക്ഷം രൂപ ഉൾപ്പടെ 33.34 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ